**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3975** | **31.01.2014** ൽ മറുപടി നൽകേണ്ടിയിരുന്നത്.

## മൈനർ മിനറൽ ക്വാറികളിൽ നിന്നും ലഭിക്കുന്ന റോയൽറ്റി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. റ്റി. എൻ. പ്രതാപൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | മൈനർ മിനറൽ ക്വാറികളിൽ നിന്നും സംസ്ഥാനത്തിന് പ്രതിവർഷം ആകെ ലഭിക്കുന്ന റോയൽറ്റി എത്രയാണ്; കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ പ്രതിവർഷക്കണക്ക് ലഭ്യമാക്കുമോ; | (എ) | ചെറുകിട ധാതുക്കളായ കരിങ്കല്ല്, അലങ്കാര വിതാനശില, ചെങ്കല്ല്, മണൽ, ഇഷ്ടിക, ചെളി, കക്ക, ഓർഡിനറി എർത്ത് എന്നിവയിൽ നിന്ന് കഴിഞ്ഞ 5 വർഷം ലഭിച്ച റോയൽറ്റി ചുവടെ ചേർക്കുന്നു.<br>2008-09 - 23,68,19,445 രൂപ<br>2009-10 - 22,61,88,590 രൂപ<br>2010-11 - 21,76,18,978 രൂപ<br>2011-12 - 26,37,50,124 രൂപ<br>2012-13 - 29,52,29,882 രൂപ |
| (ബി) | പാറ ഉൾപ്പെടെയുള്ള മൈനർ മിനറലുകളുടെ റോയൽറ്റി കാലാനുസരണം വർദ്ധിപ്പിക്കാത്തതിനാൽ സർക്കാരിന് കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും ശുപാർശ നിലവിലുണ്ടോ; | (ബി) | ഉണ്ട്. ഈ വിഷയം സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. കൂടാതെ മെറ്റൽ ക്രഷർ യൂണിറ്റുകളുടെ compounding tax വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിയമസഭയിൽ അവതരിപ്പിച്ച 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അപ്രകാരം വർദ്ധിപ്പിച്ചാൽ എത്ര രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത് പ്രസ്തുത നിർദ്ദേശം സമയബന്ധിതമായി അംഗീകരിക്കുമോ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | റോയൽറ്റി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലിരിക്കുന്നതിനാൽ അധിക വരുമാനം തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ മെറ്റൽ ക്രഷർ യൂണിറ്റുകളുടെ compounding tax സംബന്ധിച്ച 2014-15 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പ്രകാരം 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**